# നർമ്മദ കോടതിവിധിക്കുശേഷം

എബി ജോർജ്

നർമ്മദാതാഴ്വരയെ സംരക്ഷിക്കുന്നതിനും തങ്ങളുടെ നിലനിൽക്കാനും ജീവിക്കാനുമുള്ള അവകാശം സ്ഥാപിച്ചുകിട്ടുന്നതിനും ആദിവാസികളും കർഷകരുമടങ്ങുന്ന നർമ്മദാവാസികൾ നടത്തുന്ന സമരം വളരെ സുപ്രധാനമായ ഒരു വഴിത്തിരിവിലാണ്. കഴിഞ്ഞ 15 വർഷത്തെ സമരത്തിന്റെ ചരിത്രത്തിൽ ഏറ്റവും നിർണ്ണായകമായ ഈയൊരു സാഹചര്യം ഉണ്ടായിരിക്കുന്നത് നർമ്മദാ ബചാവോ ആന്തോളന്റെ പൊതുതാല്പര്യഹരജി തള്ളിക്കളഞ്ഞുകൊണ്ട് സുപ്രീംകോടതിയുടെ വിധി വന്നതിനെത്തുടർന്നാണ്. അങ്ങനെ ആറുവർഷം നീണ്ടുനിന്ന് നിയമയുദ്ധത്തിന് ഒരു താൽക്കാലിക വിരാമമാണ് ഉണ്ടായിരിക്കുന്നത്.

പക്ഷേ ചീഫ് ജസ്റ്റിസ് അടക്കമുള്ള ഈ മൂന്നംഗബെഞ്ചിന് ഏകാഭിപ്രായമല്ല ഉള്ളത് എന്നതും ഭൂരിപക്ഷതീരുമാനപ്രകാരമുള്ള ഒരു വിധിന്യായമാണ് വന്നിരിക്കുന്നത് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. അണക്കെട്ടിന്റെ പണി തുടരാനും ഘട്ടംഘട്ടമായി 138 മീറ്റർ വരെ ഉയർത്താനും ഭൂരിപക്ഷവിധിന്യായം അനുമതി നൽകുമ്പോൾ ഇപ്പോൾ നിലവിലുള്ള 88 മീറ്ററിൽ നിന്നും അൽപ്പംപോലും അണക്കെട്ടിന്റെ ഉയരം കൂട്ടരുതെന്നും അണക്കെട്ടുമായി ബന്ധപ്പെട്ട എല്ലാ പണികളും നിറുത്തിവെയ്ക്കണമെന്നും ന്യൂനപക്ഷവിധിന്യായത്തിൽ പറഞ്ഞിരിക്കുന്നു.

ജഡ്ജിമാരായ ശ്രീ ആനന്ദും, ശ്രീ കൃപാലും അണക്കെട്ടുപണി തുടരാൻ അനുവദിക്കുന്ന ഭൂരിപക്ഷ വിധിന്യായം പുറപ്പെടുവിച്ചപ്പോൾ ശ്രീ. ബറൂച്ചയാണ് അണക്കെട്ടുപണി തുടരാൻ പാടില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത്.

നർമ്മദാ താഴ്വരയിലെ ജനങ്ങളും അവരുടെ പ്രസ്ഥാനമായ നർമ്മദാ ബചാവോ ആന്തോളനും സുപ്രീംകോടതിയുടെ ഭൂരിപക്ഷതീരുമാനം അവരോട് അനീതി കാട്ടിയിരിക്കുന്നതായി വിലയിരുത്തുന്നു. അണക്കെട്ടിന്റെ ഇപ്പോഴത്തെ ഉയരം 88 മീറ്ററാണ്. ഇതിനോടകം കുടിയിറക്കപ്പെട്ട ആളുകളെ ഇനിയും പുനരധിവസിപ്പിച്ചുകഴിഞ്ഞിട്ടില്ല. മധ്യപ്രദേശ് സർക്കാരാകട്ടെ, ആളുകളുടെ പുനരധിവാസത്തിന് ഭൂമി കണ്ടെത്താനാകില്ല എന്ന് കോടതിയിൽ സത്യവാങ്മൂലം വഴി അറിയിച്ചിട്ടുണ്ട്. നർമ്മദാ ജലതർക്കകോടതിയുടെ തീരുമാനം അനുസരിച്ച് സ്ഥലം നഷ്ടപ്പെടുന്നവർക്ക് നിർബ്ബന്ധമായും നഷ്ടപരിഹാരമായി സ്ഥലം നൽകേണ്ടതാണ്. ഇത് ഏകദേശം അസാദ്ധ്യമാണ് എന്നാണ് മദ്ധ്യപ്രദേശ് സർക്കാർ വാദിച്ചിരുന്നത്. അതായത്, സർക്കാർ കണക്കനുസരിച്ചുതന്നെ 35,000 കുടുംബങ്ങളെ പദ്ധതിബാധിത കുടുംബങ്ങളായി (Project affected family - PAF) പുനരധിവസിപ്പിക്കേണ്ടിവരും. ഇത് അസാദ്ധ്യമാണ് എന്നിരിക്കേ, അണക്കെട്ടിന്റെ ഉയരം വീണ്ടും കൂട്ടാൻ സുപ്രീംകോടതി അനുമതി നൽകിയിരിക്കുന്നത്, തികഞ്ഞ അനീതിയാണെന്ന് നർമ്മദാവാസികൾ വിലയിരുത്തുന്നു. കൂടാതെ, ബറൂച്ച തന്റെ വിധിന്യായത്തിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ നിലവിൽ സർദാർ സരോവർ പ്രോജക്ടിന് ആവശ്യമായ Environment Clearence ഇല്ലാതിരിക്കേ, പണി തുടരുന്നത് നർമ്മദാതർക്കപരിഹാരട്രൈബ്യൂണലിന്റെ നിർദ്ദേശത്തിന് വിരുദ്ധമായിരിക്കും.

കോടതിവിധിയെത്തുടർന്ന് നർമ്മദാതാഴ്വരയിലെ ജനങ്ങൾ ഒന്നാകെ വീണ്ടും സമരത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് തിരിഞ്ഞിരിക്കുകയാണ്. ഗുജറാത്ത് സർക്കാരാകട്ടെ അണക്കെട്ടിന്റെ പണി ഒക്ടോബർ 31 മുതൽ പുനരാരംഭിക്കാൻ തയ്യാറെടുക്കുകയാണ്. മേധാ പാട്കറും 3000ത്തിൽ അധികംവരുന്ന പദ്ധതിബാധിതരുടെ പ്രതിനിധികളും ഭോപ്പാലിൽ സമരം കേന്ദ്രീകരിച്ചിരിക്കുകയാണ്. മേധ പാട്കർ അടക്കം 5 പേർ ഒക്ടോബർ 25-ാം തിയ്യതി മുതൽ 5 ദിവസത്തെ ഉപവാസത്തിലുമാണ്.

സാമൂഹിക സാംസ്കാരികരംഗത്തെ പ്രമുഖരായ പലരും ഇതിനോടകം കോടതിവിധിയെ രൂക്ഷമായി വിമർശിച്ചുകഴിഞ്ഞു. പല കേന്ദ്രങ്ങളിലും കോടതിവിധിയിലെ അന്യായം ചൂണ്ടിക്കാട്ടിക്കൊണ്ട് പൊതുജനങ്ങളുടെ പ്രതിഷേധപ്രകടനങ്ങളും നടക്കുന്നു. മാഗ്സസേ അവാർഡ് ജേതാവ് അരുണാറോയി, സർവ്വോദയനേതാവ് സിദ്ധരാജ്, മുൻ സുപ്രീംകോടതി ജഡ്ജി ശ്രീ. വി.ആർ. കൃഷ്ണയ്യർ, ശ്രീ. സുകുമാർ അഴീക്കോട് തുടങ്ങിയവർ നർമ്മദാസമരത്തിന് അനുകൂലമായി പ്രസ്താവനകൾ ഇറക്കിക്കഴിഞ്ഞിരിക്കുന്നു. തിരുവനന്തപുരത്തും കണ്ണൂരും എറണാകുളത്ത് ഹൈക്കോടതിയുടെ മുമ്പിലും പ്രതിഷേധപ്രകടനങ്ങൾ നടന്നുവരുന്നു.

സുപ്രീംകോടതിവിധി, നർമ്മദാ താഴ്വരയിലെ ആദിവാസികളും കർഷകരും വിശകലനത്തിനു വിധേയമാക്കുകയാണ്. താഴ്വരയിലെ മനുഷ്യർ അന്യായത്തെ - സ്റ്റേറ്റിന്റെയും കോടതിയുടേയും - സ്വന്തം ജീവൻ കൊണ്ട് നേരിടാനുള്ള തയ്യാറെടുപ്പിലാണ്.

## നർമ്മദ: സുപ്രീം കോടതി വിധിക്കെതിരെ സത്യാഗ്രഹം

നർമ്മദ അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കാനുള്ള സുപ്രീം കോടതി വിധിക്കെതിരെ നവംബർ 11-ാം തിയ്യതി ശനിയാഴ്ച എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ സത്യാഗ്രഹം നടത്തുന്നു.

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, ജസ്റ്റിസ്. ടി. ചന്ദ്രശേഖരമേനോൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ പദ്ധതിക്കെതിരെ ജനകീയ വിചാരണ, രാഷ്ട്രപതിക്ക് നിവേദനം സമർപ്പിക്കാനായി ഒപ്പു ശേഖരണം, ചിത്ര പ്രദർശനം എന്നീ പരിപാടികൾ സത്യാഗ്രഹത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു.

എൻ.എ. പി.എം., ദേശീയ മത്സ്യതൊഴിലാളി ഫോറം, സേവ തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.